**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

------------------ -------------------------------------------

**പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 10 തിങ്കൾ**

-------------------------------------------------------------

# മരങ്ങൾ മുറിച്ചു നീക്കുന്നതിന് പുനർലേലം

ആലപ്പുഴ: സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിലെ തോട്ടപ്പള്ളി സ്പിൽവേയുടെ അഴിമുഖത്ത് സാമൂഹ്യവനവൽകരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ള കാറ്റാടിമരങ്ങളും മറ്റ് വിവിധ ഇനത്തിൽപ്പെട്ട മരങ്ങളും നീരൊഴുക്കിന് തടസ്സമായി നിൽക്കുന്നതിനാൽ ദുരന്തനിവാരണ നിയമ പ്രകാരം മുറിച്ച് നീക്കം ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രദേശത്ത് നിൽക്കുന്നതും മുറിച്ച് നീക്കം ചെയ്യുന്നതിനായി അടയാളപ്പെടുത്തിയിട്ടുള്ളതുമായ മരങ്ങൾ ജൂൺ 17-ാം തീയതി പകൽ 12 മണിയ്ക്ക് കൊമ്മാടിയിലുള്ള സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ അസി. ഫോറസ്റ്റ് കൺസർവേറ്ററോ അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ നിബന്ധനകൾക്ക് വിധേയമായി പുനർലേലം ചെയ്ത് വിൽക്കും. വിശദ വിവരത്തിന് ഫോൺ: 0477 2246034.

# മത്സ്യഫെഡ് ചികിത്സാസഹായധനം വിതരണം ചെയ്തു

ആലപ്പുഴ: മത്സ്യതൊഴിലാളികളുടെ ചികിത്സയ്ക്കും സഹായത്തിനും, മരണാനന്തര സഹായവുമായി മത്സ്യഫെഡ് നൽകുന്ന പ്രത്യേക ധനസഹായത്തിന്റെ വിതരണം ആലപ്പുഴ ജില്ലാ ഓഫീസിൽ മത്സ്യഫെഡ് ചെയർമാൻ പി.പി.ചിത്തരഞ്ജൻ നിർവ്വ ഹിച്ചു.

സംസ്ഥാനത്ത് 17,45000 രൂപ ചികത്സാ സഹായമായും മരണാനന്തര സഹായമാ യി 10 ലക്ഷം രൂപയും ഈ മാസം വിതരണം ചെയ്യുന്നതായി ചെയർമാൻ പറഞ്ഞു. മത്സ്യഫെഡിന്റെ ലാഭവിഹിതത്തിൽ നിന്നാണ് ഈ പ്രത്യേക സഹായ പദ്ധതി ആവിഷ്കരി ച്ചിട്ടുള്ളത്.

ഇതോടൊപ്പം വിദ്യാഭ്യാസ സഹായധന വിതരണവും ജൂൺ 30 നുള്ളിൽ പൂർത്തിയാക്കുമെന്നും ചെയർമാൻ പറഞ്ഞു. മത്സ്യഫെഡ് ആലപ്പുഴ ജില്ലാ ഓഫീസിൽ നടന്ന ചടങ്ങിൽ ജില്ലാ മാനേജർ പി.എൽ.വത്സലകുമാരി, മത്സ്യഫെഡ് ഡയറക്ടർ ബോർഡ് അംഗം പി.എം.മിനി, അസിസ്റ്റന്റ് മാനേജർ കെ.സജീവൻ എന്നിവർ പങ്കെടുത്തു.

## ചിത്രവിവരണം

മത്സ്യഫെഡ് നൽകുന്ന പ്രത്യേക ധനസഹായത്തിന്റെ വിതരണം ആലപ്പുഴ ജില്ലാ ഓഫീസിൽ മത്സ്യഫെഡ് ചെയർമാൻ പി.പി.ചിത്തരഞ്ജൻ നിർവ്വഹിക്കുന്നു.